മാത്രമാണ് ഗവണ്മെന്റ് ചെയ്തിട്ടുള്ളത്. ഇതര ഭാഷാദ്ധ്യാപക്ക് നൽകിവരുന്ന പരിശീലനത്തിനു തുല്യമായ രീതിയിലുള്ള പരിശീലനം ഹിന്ദി അദ്ധ്യാപകർക്കും നൽകുന്നതിനുള്ള സംരംഭത്തിന്റെ ഭാഗമായിട്ടു കൂടിയാണ് ഈ നടപടി കൈക്കൊണ്ടിട്ടുള്ളത്.

പാർട്ടൈം അദ്ധ്യാപകർ

* 16. [20] ശ്രീ. എ. പി. കുര്യൻ
,, ഇ. വി. കുമാരൻ
,, പി. കെ. കുഞ്ഞച്ചൻ
,, വി. എസ്. അച്യുതാനന്ദൻ
,, പി. പി. കൃഷ്ണൻ
,, പി. ജി. പുരുഷോത്തമൻപിള്ള
,, പാലോളി മുഹമ്മദ്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കുന്നതിനു ഈ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസ മന്ത്രി : (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ)

(എ) ഉണ്ട്.

(ബി) ഹൈസ്കൂൾ ക്ലാസ്സുകളിൽ മേലാൽ ഫുൾടൈം ടീച്ചർമാരുടെ തസ്തികകൾ മാത്രമേ സൃഷ്ടിക്കുകയുള്ളൂ. യു. പി. സ്കൂളുകളിൽ വേണ്ടത്ര പീരിയഡുകൾ ഉള്ള സ്ഥലത്തു നിലവിലിരിക്കുന്ന പാർട്ടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കാമെന്നു ഗവണ്മെന്റ് കരുതുന്നു. ഇക്കാര്യത്തിൽ ഡയറക്ടരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഒരു പൊതുപ്രശ്നമെന്ന നിലയിൽ പാർട്ടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കുവാനുള്ള ഒരു പദ്ധതി ഗവണ്മെന്റ് സജീവമായി പരിഗണിച്ചു വരുന്നു.

ആറളം കൃഷിഫാം

* 17. [21] ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോവിയറ്റ് സഹായത്തോടെ ഇൻഡ്യാഗവണ്മെന്റ് ആറളത്തു സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുള്ള കൃഷിഫാമിന്റെ പ്രവർത്തനം എത്രകണ്ടു പുരോഗമിച്ചിട്ടുണ്ട്;

(ബി) ഈ ആവശ്യത്തിലേക്ക് കേരളാ ഗവണ്മെന്റ് ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്; അതിൽ എന്തൊക്കെ ചെയ്തു കഴിഞ്ഞു;

(സി) ഫാമിലേക്കുള്ള അപ്രോച്ച് റോഡിന്റെയും പാലത്തിന്റെയും കാര്യത്തിൽ എടുത്ത തീരുമാനം എന്താണ്?

(ഡി) ഫാമിന്റെ പ്രവർത്തനം എന്നു ആരംഭിക്കുവാൻ കഴിയും?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ) :

(എ) ഫാമിനാവശ്യമായ 12,000 ഏക്കർ കാപ്പാട്-ആറളം വില്ലേജുകളിൽ സ്ഥിതി ചെയ്യുന്ന ഓടന്തോട് വനവിഭാഗത്തിൽ നിന്നു പൊന്നും വിലയ്ക്ക് എടുക്കുവാനുള്ള ഉത്തരവ് 20-5-1969-ൽ നൽകിയിട്ടുണ്ട്. ഈ ആവശ്യത്തിനുവേണ്ട സ്റ്റാഫും പ്രസ്തുത സ്ഥലത്തു സർവ്വേ നടത്തുവാനും, സ്ഥിതി ചെയ്യുന്ന മരങ്ങളുടെ വില

LIBRARY ARCHIVES Kerala Legislative Assembly